**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 460** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>സംരംഭക സൗഹൃദ സൂചിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** സംരംഭക സൗഹൃദ സൂചികയിൽ ഏറ്റവും മികച്ച പെർഫോർമർ എന്ന സ്ഥാനം നിലനിർത്താനും കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്;വിശദാംശം നൽകാമോ?

**<u>മറുപടി:</u>** വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് പുറത്തിറക്കുന്ന ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) അനുസരിച്ച് സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് ഈ ഉദ്യമത്തിൽ 2014 മുതൽ കേരള സർക്കാർ സജീവമായി പങ്കെടുത്തു വരുന്നു.

സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാനിന്റെ (SBRAP) 2026-ലെ പതിപ്പ് പ്രകാരമുള്ള കാര്യപരിപാടികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. മുൻതവണകളിൽ നിന്ന് വ്യത്യസ്തമായി 2026-ലെ ബിസിനസ് റീഫോം ആക്ഷൻ പ്ലാനിൽ മൂന്ന് ഘടകങ്ങളാണുള്ളത്. സ്റ്റേറ്റ് ബിസിനസ് റീഫോം ആക്ഷൻ പ്ലാൻ, ഡിസ്ട്രിക്ട് ബിസിനസ് ഫോർ റീഫോം ആക്ഷൻ പ്ലാൻ, സിംഗിൾ വിൻഡോ സിസ്റ്റം എന്നിവയാണവ.

ഇതിൽ സ്റ്റേറ്റ് ബിസിനസ് റീഫോം ആക്ഷൻ പ്ലാനിൽ 24 വകുപ്പുകളും ആയി ബന്ധപ്പെട്ട 74 പരിഷ്കരണ ശുപാർശകളും, ഡിസ്ട്രിക്ട് ബിസിനസ് ഫോർ റീഫോം ആക്ഷൻ പ്ലാനിൽ 29 വകുപ്പുകളുമായി ബന്ധപ്പെട്ട 219 പരിഷ്കരണ ശുപാർശകളും, സിംഗിൾ വിൻഡോ സിസ്റ്റത്തിൽ 30 വകുപ്പുകളുമായി ബന്ധപ്പെട്ട 46 പരിഷ്കരണ ശുപാർശകളുമാണ് സംസ്ഥാനത്തിന് നടപ്പിലാക്കാനായി നൽകിയിരിക്കുന്നത്. നിലവിൽ പ്രസ്തുത പരിഷ്കരണ ശുപാർശകൾ നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരികയാണ്. ഇത്തവണത്തെ ആക്ഷൻ പ്ലാനിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പരിഷ്കരണങ്ങൾ താഴെപ്പറയുന്നവയാണ്.

- എൺപതിലതികം സേവനങ്ങൾ പൂർണമായും ഓൺലൈൻ (End-to-End Online) സംവിധാനത്തിലൂടെ ലഭ്യമാക്കി, സമയബന്ധിത സേവന വിതരണം ജില്ലാതലത്തിൽ നടപ്പിൽ വരുത്തുകയും, നിരീക്ഷിക്കുകയും ചെയ്യുക.

- അനുമതികൾ, പരാതികൾ, പരിശോധനകൾ, അനുമതികളുടെ പുതുക്കലുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിവിധ സേവനങ്ങളിൽ ഡിജിറ്റൽ, സ്റ്റാൻഡേർഡൈസ്ഡ് ഇൻസ്പെക്ഷൻ സംവിധാനം നടപ്പിലാക്കുകയും പരിശോധനാ റിപ്പോർട്ടുകൾ 24 മണിക്കൂറിനകം ഓൺലൈനായി ലഭ്യമാക്കുകയും ചെയ്യുക.
- ജില്ലാ വ്യവസായ കേന്ദ്രങ്ങളെ നിക്ഷേപകർക്കുള്ള ഏകജാലക സമ്പർക്കകേന്ദ്രങ്ങളായി (Single Point of Contact) ശക്തിപ്പെടുത്തി നിക്ഷേപ പ്രോത്സാഹനം, സ്റ്റാർട്ടപ്പ് വികസനം എന്നിവയ്ക്ക് നേതൃത്വം നൽകുന്ന നിലയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- അഗ്നിരക്ഷാ വകുപ്പിന്റെ നിരാക്ഷേപ പത്രങ്ങൾ, തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട പരിശോധനകൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതികൾ, ലീഗൽ മെട്രോളജി സംബന്ധമായ പരിശോധനകൾ എന്നിവയിൽ റിസ്ക് അടിസ്ഥാനമാക്കിയുള്ള മൂന്നാംകക്ഷി പരിശോധനാ സംവിധാനം നടപ്പിലാക്കുക.
- പരാതികളെ തുടർന്നുള്ള പരിശോധനകൾ, അപ്രതീക്ഷിത പരിശോധനകൾ, ലൈസൻസ് അനുവദിക്കൽ, പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട പരിശോധനകൾ കേന്ദ്രീകൃതമായ പരിശോധനാ സംവിധാനമായ കെ-സിഐഎസ് (K-CIS) മുഖേന നടപ്പിലാക്കുക.
- വിവിധ ലൈസൻസുകൾക്കും രജിസ്ട്രേഷനുകൾക്കും ദീർഘകാല അല്ലെങ്കിൽ സ്ഥിരകാല സാധുത അനുവദിച്ച് ആവർത്തിച്ചുള്ള പുതുക്കൽ നടപടികൾ ഒഴിവാക്കുക.
- കെട്ടിട നിർമ്മാണ അനുമതി നടപടിക്രമങ്ങൾ ലളിതമാക്കുകയും വിവിധ നിരാക്ഷേപ പത്ര (NOC) സംവിധാനങ്ങളെ ഏകോപിപ്പിക്കുകയും സ്വയം സാക്ഷ്യപ്പെടുത്തലിനും മൂന്നാംകക്ഷി അംഗീകാരത്തിനും കൂടുതൽ അവസരം ഒരുക്കുകയും ചെയ്യുക.
- വ്യവസായങ്ങൾക്ക് പാൻ (PAN) അടിസ്ഥാനമാക്കിയുള്ള ഏകീകൃത പ്രവേശന സംവിധാനം (Single Sign-On) നടപ്പിലാക്കുകയും എല്ലാ വകുപ്പുകളിലും ഏകീകൃത 'KYC' സംവിധാനം നടപ്പാക്കി വിവരങ്ങളുടെ ആവർത്തിച്ചുള്ള സമർപ്പണം ഒഴിവാക്കുകയും ചെയ്യുക.
- അനുമതികൾക്കായി ഏകീകൃതമായ പൊതുഅപേക്ഷാ ഫോം (Dynamic Common Application Form) നടപ്പിലാക്കുക.
- തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും വാർഷിക റിട്ടേണുകളും ഏകീകരിക്കുകയും റിസ്ക് അടിസ്ഥാനമാക്കിയുള്ള പരിശോധനാ സംവിധാനം നടപ്പിലാക്കുകയും ചെയ്യുക.
- നിയമങ്ങളിലെ ക്രിമിനൽ വ്യവസ്ഥകൾ കൃത്യമായി തരംതിരിച്ച് പ്രസിദ്ധീകരിക്കുകയും, അവയുടെ പ്രയോഗം ഡിജിറ്റലായി നിരീക്ഷിക്കുകയും ചെയ്യുക.
- വ്യവസായ അനുമതികൾ, പരിശോധനകൾ, സേവന വിതരണം എന്നിവ സംബന്ധിച്ച തത്സമയ വിവരങ്ങൾ ലഭ്യമാക്കുന്ന ഡാഷ്ബോർഡുകളും സുതാര്യമായ നിരീക്ഷണ സംവിധാനങ്ങളും നടപ്പിലാക്കുക.
- എല്ലാ വകുപ്പുകളിലും "ഒരിക്കൽ മാത്രം വിവര സമർപ്പണം" (Once Only Principle) നടപ്പിലാക്കി സർക്കാർ സംവിധാനങ്ങളിൽ ഇതിനകം ലഭ്യമായ വിവരങ്ങൾ വീണ്ടും ആവശ്യപ്പെടുന്ന രീതി ഒഴിവാക്കുക.
- സത്യവാങ്മൂലങ്ങൾക്കും നോട്ടറി സാക്ഷ്യപ്പെടുത്തലുകൾക്കും പകരമായി സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സ്വീകരിക്കുന്ന സംവിധാനം വ്യാപകമാക്കുക.
- പരിശോധനാ നടപടികൾ, അനുമതി വിതരണം, സേവന ലഭ്യത എന്നിവ കൂടുതൽ സുതാര്യവും സമയബന്ധിതവും നിക്ഷേപക സൗഹൃദവുമാക്കി സംസ്ഥാനത്തെ വ്യവസായ-വാണിജ്യ അന്തരീക്ഷം മെച്ചപ്പെടുത്തുക.

- വ്യവസായം ആരംഭിക്കുന്നതിനും നടത്തിപ്പുമായി ബന്ധപ്പെട്ട കേരളത്തിലെ വിവിധ നിയമങ്ങളിലെയും ചട്ടങ്ങളിലെയും ക്രിമിനൽ വ്യവസ്ഥകൾ സമഗ്രമായി വിശകലനം ചെയ്ത്, അനാവശ്യമായ ക്രിമിനൽ വ്യവസ്ഥകൾ അതാത് നിയമങ്ങളിലെ ഭേദഗതികളിലൂടെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- മേൽ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിലൂടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നടത്തിപ്പിനും ആവശ്യമായ നടപടിക്രമങ്ങൾ കൂടുതൽ ലളിതവും സുതാര്യവും സമയബന്ധിതവുമാക്കി സംസ്ഥാനത്ത് നിക്ഷേപ സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തുന്നതിനും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് രംഗത്ത് കേരളത്തിന്റെ പ്രകടനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.

പ്രാദേശിക സാമ്പത്തിക വികസനവും സംരംഭങ്ങളുടെ സുസ്ഥിരതയും എന്ന പദ്ധതിയുടെ കീഴിൽ മുതിർന്ന പൗരന്മാരെ ഉൽപ്പാദന, സേവന, വ്യാപാര, കാർഷിക-അനുബന്ധ മേഖലകളിൽ സൂക്ഷ്മ (Micro) ചെറുകിട (Small) സംരംഭങ്ങൾ ആരംഭിക്കുവാനും പ്രോത്സാഹിപ്പിക്കാനുമായി മുതിർന്ന പൗരന്മാരുടെ ശാക്തീകരണത്തിനായുള്ള സംരംഭകത്വ സഹായ പദ്ധതി (Entrepreneurship Assistance for Senior Empowerment EASE) എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നു.

**സെക്ഷൻ ഓഫീസർ**